Draft #48 of File 3558/Ad A1-2/2024 Approved by ASSISTANT REGISTRAR I (ADMIN) on 31-Aug-2026 04:24 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ വിരമിക്കലിനെത്തുടർന്നുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 7932/AD A1/2026/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 31.08.2026

---

*പരാമർശം:*-1. പരിപത്രം നമ്പർ: 53171/AD A10-1/2025/AD A10, തീയതി : 02.08.2025
2. സർവകലാശാലാ ഉത്തരവ് നമ്പർ : 7858/AD A1/2026/എം.ജി.യു., തീയതി: 22.08.2026
3. സർക്കുലർ നമ്പർ: AD A1-3-246/2016,തീയതി: 31.05.2016.
4. ജി.ഒ (പി) നം.42/ 2010 / പി & എആർഡി, തീയതി: 20.12.2010
5. സർവകലാശാലാ ഉത്തരവ് നമ്പർ: 11799/AD A1/2022/എം.ജി.യു., തീയതി 21.11.2022.
6. സർവകലാശാല ഉത്തരവ് നമ്പർ: 6862/AD A1/2026/എം.ജി.യു., തീയതി: 13.07.2026

**ഉത്തരവ്**

പരാമർശം (1) പ്രകാരം താഴെ പരാമർശിച്ചിരിക്കുന്ന 2 ജീവനക്കാർ 31.08.2026 അപരാഹ്നം സർവകലാശാലാ സർവ്വീസിൽ നിന്നും വിരമിച്ചിരിക്കുകയാണ്.

1. ശ്രീ. സിബി മാത്യു (Pf. No.- 2030, UPEN- U13448) ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം)
2. ശ്രീമതി. ആനി ജോർജ്ജ് (Pf. No.- 1982, UPEN U13097), അസിസ്റ്റന്റ് രജിസ്ട്രാർ -25 (പരീക്ഷാ വിഭാഗം)

മേൽ പരാമർശിച്ചിരിക്കുന്നവ പരിഗണിച്ച്, ചുവടെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം എന്നിവ 01.09.2026 പൂർവാഹ്നം പ്രാബല്യത്തിൽ സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര്, Pf.No./UPEN, തസ്തിക, സെക്ഷൻ | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക് | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീ. മുഹമ്മദ് നാസർ എം., 2012/U13162 അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -3 (ഫിനാൻസ് വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 1,07,800 -1,60,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സിബി മാത്യു ഡെപ്യൂട്ടി രജിസ്ട്രാറുടെ വിരമിക്കലിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ഡെപ്യൂട്ടി രജിസ്ട്രാർ - 1 (ഭരണ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 2. | ഡെപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം) ആയ ശ്രീമതി. ഉഷ വി. ഡി. (Pf. No.-1837,UPEN-U13454)-യെ ഡെപ്യൂട്ടി രജിസ്ട്രാർ 2 (പരീക്ഷാ വിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 3. | ഡെപ്യൂട്ടി രജിസ്ട്രാർ 2 (പരീക്ഷാ വിഭാഗം) ആയ ശ്രീമതി. ഹേമ ജി. നായർ (Pf. No.-1946,UPEN-U13130)-നെ ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഫിനാൻസ് വിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 4. | ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഫിനാൻസ് വിഭാഗം) ആയ ശ്രീ. ബോബി വി. കെ. (Pf. No.-2032,UPEN-U13283)-യെ ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |

Draft #48 of File 3558/Ad A1-2/2024 Approved by ASSISTANT REGISTRAR I (ADMIN) on 31-Aug-2026 04:24 PM - Page 2

| | | | | |
|---|---|---|---|---|
| 5. | അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഫിനാൻസ് വിഭാഗം) ആയ ശ്രീ. നവീൻ എൻ. (Pf.No.-2457,UPEN-U14104)-നെ അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഫിനാൻസ് വിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 6. | ശ്രീ. അഭിലാഷ് സെബാസ്റ്റ്യൻ 2290/U13265, അസിസ്റ്റന്റ് രജിസ്ട്രാർ- 6 (ഭരണ വിഭാഗം) | അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 95,600-1,53,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. മുഹമ്മദ് നാസർ എം., അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 7. | ശ്രീമതി. സവിത രവീന്ദ്രൻ 2406/U13457 അസിസ്റ്റന്റ് രജിസ്ട്രാർ PA to Registrar | അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 95,600-1,53,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. ആനി ജോർജ്ജ്,, അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്), വിരമിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 8. | ശ്രീമതി. ജയലക്ഷ്മി കെ. കെ., 2610/U13312 ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, PD 1 സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 63,700-1,23,700/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. അഭിലാഷ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റന്റ് രജിസ്ട്രാർ- 2 (ഫിനാൻസ് വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 9. | ശ്രീ. ജ്യോതിസ് സി., 2587/U15148 ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, CE 2 Exam Monitoring Cell | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 63,700-1,23,700/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. സവിത രവീന്ദ്രൻ, അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റന്റ് രജിസ്ട്രാർ- 25 (പരീക്ഷാ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 10 | IT Cell 3 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. അഷറഫ് എസ്. (Pf. No.-3019, UPEN-U13926)-നെ PD 1 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 11. | EJ 6 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ. ബിനു തോമസ് (Pf. No.-2972, UPEN-U13880)-നെ CE 2 Exam Monitoring Cell -ലേക്ക് സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 12. | Ac A 16 സെക്ഷനിലെ സെക്ഷൻ ഓഫീസർ ആയ ശ്രീമതി. രജനി വി. ആർ. (Pf. No.-2778, UPEN-U13177) -നെ EJ 6 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 13. | ശ്രീ. ഷമീർ ടി. ഇ., 2875, U15146 സെക്ഷൻ ഓഫീസർ, CD 1 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/- - 1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. ജയലക്ഷ്മി കെ കെ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | പരാമർശം (2) പ്രകാരം CBCSS 28 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. |

Draft #48 of File 3558/Ad A1-2/2024 Approved by ASSISTANT REGISTRAR I (ADMIN) on 31-Aug-2026 04:24 PM - Page 3

| | | | | |
|---|---|---|---|---|
| 14. | ശ്രീമതി. റാണി അലക്സ്, 2871/U13181 സെക്ഷൻ ഓഫീസർ, ED 1 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജ്യോതിസ് സി, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | പരാമർശം (2) പ്രകാരം EI 41 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. |
| 15. | ശ്രീ. നിധീഷ് പി. എം., 3293/U13789 അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ CBCSS 16 സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 51,400-1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ഷമീർ ടി. ഇ., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | Ac. A16 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 16. | ശ്രീ. വിപിൻ എസ്., 3282/U13828 അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ School of Mathematics and Statistics | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 51,400-1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. റാണി അലക്സ്, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | IT Cell 3 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

മേൽ പരാമർശിച്ചിരിക്കുന്ന സ്ഥാനക്കയറ്റങ്ങൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 173/2025 (Arising from WP(c) - 15097/2024), 209/2025 (Arising from WP(c) - 13766/2024) നമ്പർ റിട്ട് അപ്പീലുകളിൻമേലുള്ള 06.10.2025 -ലെ വിധിന്യായത്തിനും ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള Con.Case (C) നമ്പർ 661/2026, 704/2026 എന്നിവയിലെ അന്തിമ വിധിയ്ക്കും വിധേയമായിരിക്കും.

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, ചാപ്റ്റർ 3.10 (17) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

അസിസ്റ്റന്റ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ് വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള

നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥലംമാറ്റം ലഭിക്കുന്ന സെക്ഷൻ ഓഫീസർമാർ, സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.ടി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും പ്രസ്തുത വിവരം CTC-യോടൊപ്പമുള്ള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥലംമാറ്റപ്പെട്ട ജീവനക്കാർ തങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന ഐ. ടി. ഉപകരണങ്ങൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും, പൂർണ്ണ പ്രവർത്തനക്ഷമമാണെന്നുമുള്ള പ്രസ്താവന, പരാമർശം (6) പ്രകാരം ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതും ഐ. ടി. സെല്ലിന്റെ ശിപാർശയോടെ മേലധികാരി അവ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പളനിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ/ ഡിപ്പാർട്ട്മെന്റ്
2. വൈസ് ചാൻസലറുടെ പി.എസ്./എ.പി.എസ്.
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടമെന്റ്സ, മഹാത്മാഗാന്ധി സർവകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. എഫ്.സി.സി./ഫിനാൻസ് I/II/ എഡി.എ VIII/X/എഡി സി I/II/III/IV/V
8. ഐ.ക്യു.എ.സി./ഐ.റ്റി. സെൽ 1/2/3/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #48 of File 3558/Ad A1-2/2024 Approved by ASSISTANT REGISTRAR I (ADMIN) on 31-Aug-2026 04:24 PM - Page 4

The document is digitally approved. Hence signature is not needed.